# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

| നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ . 141* | 15.06.2012-ൽ മറുപടിക്ക് |
|---|---|

### ശിശുക്ഷേമ പ്രവർത്തനങ്ങളുടെ ഏകോപനം

| | ചോദ്യം | ഉത്തരം |
|---|---|---|
| | ശ്രീ.സി.മമ്മൂട്ടി<br>ശ്രീ.എം.ഉമ്മർ<br>ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി | ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യ ക്ഷേമവും വകുപ്പു മന്ത്രി) |
| (എ) | കുട്ടികളുടെ ശാരീരിക-മാനസിക വികാസം, അവകാശ സംരക്ഷണം തുടങ്ങിയ ശിശു ക്ഷേമ പ്രവർത്തനങ്ങളുടെ ഏകോപനത്തിന് പുതിയ സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ? | ഉണ്ട്. |
| (ബി) | വിവിധ വകുപ്പുകൾ ഏകോപനമില്ലാതെ പ്രവർത്തിക്കുന്നതുകൊണ്ട് ഈ രംഗത്ത് ഉദ്ദേശിച്ച ഫലമുണ്ടാകുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ? | ഉണ്ട്. |
| (സി) | ഇതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന എന്തെങ്കിലും പദ്ധതി ആസൂത്രണം ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ, എങ്കിൽ അത് സംബന്ധിച്ച വിശദ-വിവരം ലഭ്യമാക്കുമോ? | കുട്ടികൾക്കു നേരെ വർദ്ധിച്ചു വരുന്ന അതിക്രമങ്ങളുടേയും പീഡനങ്ങളുടേയും പശ്ചാത്തലത്തിൽ അവയ്ക്കെതിരായി ചർച്ചകളിലൂടെ അവബോധം സൃഷ്ടിക്കാനും പങ്കാളിത്ത പ്രവർത്തനങ്ങളിലൂടെ പരിഹാര മാർഗ്ഗങ്ങൾ ആരായാനും ഉദ്ദേശിക്കുന്നു. ഇതിനായി തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിൽ ബാലപാർലമെന്റുകൾ സംഘടിപ്പിച്ചു വരുന്നു. |
| (ഡി) | സ്ഥിരം മദ്യപാനികളായ കുടുംബനാഥന്മാരുടെ കുടുംബങ്ങളിലെ കുട്ടികൾ നേരിടേണ്ടി വരുന്ന ശാരീരിക-മാനസിക പീഡനങ്ങൾ സംബന്ധിച്ച പ്രശ്നം ശ്രദ്ധയിൽ വന്നിട്ടുണ്ടോ? | ഉണ്ട്. |

| | | |
|---|---|---|
| (ഇ) | എങ്കിൽ അത്തരം പ്രശ്നങ്ങളുടെ പരിഹാരത്തിനായി എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | മാതാപിതാക്കൾക്ക് ബോധവൽക്കരണം നൽകുന്നതു വഴി മാത്രമേ ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കുവാൻ സാധിക്കുകയുള്ളൂ. എങ്കിലും, പൊതുവിൽ ബാലപീഡനങ്ങൾക്കെതിരെ ബോധവത്ക്കരണം നടത്താൻ തദ്ദേശഭരണ സ്ഥാപനതലത്തിൽ ബാല പാർലമെന്റുകൾ നടത്തിവരുന്നു. സ്ത്രീകൾക്കും കുട്ടികൾക്കുമെതിരായ ലൈംഗികാതിക്രമവും പീഡനവും തടയാൻ വേണ്ടി നിർഭയ നയം സർക്കാർ അംഗീകരിച്ചിട്ടുണ്ട്. കൂടാതെ, ശിശു സംരക്ഷണ നിയമവും ശിശു സംരക്ഷണ കമ്മീഷണനും നിലവിൽ വരുന്നതോടെ, ഇത്തരത്തിലുള്ള പീഡനങ്ങൾ നല്ലൊരളവിൽ കുറയുമെന്നു കരുതുന്നു. |

Jayasree

സെക്ഷൻ ഓഫീസർ